**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6549 — 21.11.2019 -ൽ മറുപടിയ്ക്ക്

**ഗ്രൂപ്പ് വില്ലേജ് ഓഫീസുകളുടെ വിഭജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല : | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇപ്പോൾ എത്ര വില്ലേജ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്; | (എ) | സംസ്ഥാനത്ത് ആകെ 1664 വില്ലേജ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ചിലയിടങ്ങളിൽ നാലും അഞ്ചും വില്ലേജ് ഓഫീസുകൾ ഒരുമിച്ച് ഒരു ഓഫീസിൽ പ്രവർത്തിക്കുന്ന സാഹചര്യം നിലവിൽ സംസ്ഥാനത്തുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. കാസറഗോഡ് ജില്ലയിൽ 4 വീതം വില്ലേജുകൾ ഉൾപ്പെടുന്ന 4 ഗ്രൂപ്പ് വില്ലേജുകളും 5 വില്ലേജുകൾ ഉൾപ്പെടുന്ന ഒരു ഗ്രൂപ്പ് വില്ലേജുമുണ്ട്. |
| (സി) | സാധാരണ വില്ലേജ് ഓഫീസുകളിൽ അമ്പത് സർട്ടിഫിക്കറ്റ് നൽകുമ്പോൾ ഇത്തരം ഗ്രൂപ്പ് വില്ലേജ് ഓഫീസുകളിൽ അത് നൂറ്റമ്പത് മുതൽ ഇരുന്നൂറ് വരെ ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുകാരണം ഇവിടങ്ങളിൽ അഴിമതിക്കുള്ള അവസരം കൂടുതലാണെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് വില്ലേജോഫീസുകളിലെ ജോലിഭാരം വർദ്ധിക്കാനും, സമയബന്ധിതമായി സേവനം നൽകുന്നതിനും സുഗമമായ റവന്യൂ ഭരണത്തിനും വിഘാതം സൃഷ്ടിക്കുന്നതുമാണ്. അമിത ജോലിഭാരം കാരണം അഴിമതിക്കുള്ള അവസരം കൂടുതലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | അമിതജോലിയും മാനസിക സംഘർഷവും മൂലം ഇവിടങ്ങളിൽ ജീവനക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾ പരിശോധിക്കുകയുണ്ടായോ; | (ഡി) | 1972-ലെ സ്റ്റാഫ് പാറ്റേൺ പ്രകാരമാണ് സംസ്ഥാനത്തെ എല്ലാ വില്ലേജാഫീസുകളും നിലവിൽ പ്രവർത്തിച്ചു വരുന്നത്. അമിതജോലിയും മാനസിക സംഘർഷങ്ങളും മൂലം റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ വിശിഷ്യാ വില്ലേജാഫീസ് ജീവനക്കാർ വളരെയധികം പ്രയാസങ്ങൾ അനുഭവിക്കുന്നതായി വർക്ക് സ്റ്റഡി റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |
| (ഇ) | എങ്കിൽ ഇത്തരം ഗ്രൂപ്പ് വില്ലേജ് ഓഫീസുകൾ വിഭജിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | സംസ്ഥാനത്തിന്റെ പൊതുധനസ്ഥിതി മെച്ചപ്പെടുന്ന അവസരത്തിൽ ഗ്രൂപ്പുവില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**